## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. T510 | 01/07/2014 ൽ മറുപടിയ്ക്ക്

### ഇലക്ട്രോണിക് മാലിന്യങ്ങളുടെ സംസ്കരണവും പുനരുപയോഗവും

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. എൻ. ഷംസുദ്ദീൻ**<br>**ശ്രീ. കെ. എൻ. എ. ഖാദർ**<br>**ശ്രീ. എം. ഉമ്മർ**<br>**ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി** | **ശ്രീ. ആര്യാടൻ മുഹമ്മദ്**<br>**ഊർജ്ജ വകുപ്പമന്ത്രി** |
| (എ) ഇലക്ട്രോണിക് മാലിന്യങ്ങൾ അപകട രഹിതമായി സംസ്കരിക്കുന്നതിനും പുനരുപയോഗപ്രദമായവ വേർതിരിക്കുന്നതിനുമുള്ള സംവിധാനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ; | (എ) ഇല്ല. നാല് ഇ – മാലിന്യശേഖരണ സെന്ററുകൾക്ക് ബോർഡ് അനുമതി നൽകിയിരുന്നെങ്കിലും പ്രവർത്തനം ആരംഭിച്ചിട്ടില്ല. |
| (ബി) ഇലക്ട്രോണിക് മാലിന്യങ്ങളുടെ ആധിക്യവും അശാസ്ത്രീയമായി അവയെ കൈകാര്യം ചെയ്യുന്നതുകൊണ്ടും പരിസ്ഥിതിക്കും മനുഷ്യജീവനും ഉണ്ടാകുന്ന ദോഷങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ; | (ബി) ഇലക്ട്രോണിക് മാലിന്യങ്ങളുടെ ആധിക്യവും അശാസ്ത്രീയമായ സംസ്കരണവും മൂലം പരിസര മലിനീകരണം ഉണ്ടാകുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. ഇ-മാലിന്യങ്ങളുടെ സുരക്ഷിതമായ ശേഖരണം, സംഭരിക്കൽ, കയറ്റി അയയ്ക്കൽ, ശാസ്ത്രീയമായ നശിപ്പിക്കൽ എന്നിവ സംബന്ധിച്ചുള്ള നടപടിക്രമങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും 1.1.2014 ലെ ജി.ഒ. (എം.എസ്.) 01/2014/പരി നമ്പർ ഉത്തരവ് പ്രകാരം സർക്കാർ ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ട്. |
| (സി) ഉപയോഗശൂന്യമായ ഇലക്ട്രോണിക് വസ്തുക്കളുടെ ഫലപ്രദമായ ശേഖരണം, സംസ്കരണം, പുനരുപയോഗം എന്നീ കാര്യങ്ങളിൽ സമഗ്രമായ ഒരു പദ്ധതി തയ്യാറാക്കി അടിയന്തരമായി നടപ്പാക്കുമോ? | (സി) സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കപ്പെടുന്ന ഇ – മാലിന്യങ്ങൾ (ഇലക്ട്രോണിക്സ് & ഇലക്ട്രിക്കൽസ്) ശാസ്ത്രീയമായി ശേഖരിച്ച് സംസ്കരിക്കുന്ന പദ്ധതിയ്ക്കും പുനരുപയോഗം തുടങ്ങിയ പ്രവർത്തനങ്ങൾക്കും രാജ്യത്തെ ഇതര സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ളതും വിജയകരമായതുമായ പദ്ധതികൾ കണ്ടെത്തുകയും പുതിയതരം ടെക്നോളജി ഉൾപ്പെടുത്തി അത്തരം പ്രോജക്റ്റുകൾ നടപ്പിലാക്കുന്നതിനും ക്ലീൻ കേരള കമ്പനി ടെൻഡർ ക്ഷണിച്ചിരിക്കയാണ്. |

സെക്ഷൻ ഓഫീസർ